Santhigiri

# ഉണ്മനിതകം

VOL 04 | ISSUE 46 | 2018 നവംബർ 04 | 1194 തുലാം 18

Newspaper published from Santhigiri Ashram | For Private Circulation Only | www.santhigiriashram.org | തിരുവനന്തപുരം റൂറൽ

### ഗുരുവാണി

"എത്രയോകാലം കലർന്നും മറന്നും പ്രവർത്തിച്ചും അറിഞ്ഞും അറിയാതെയും പോയ ജീവിതത്തിന്റെ ഒരു ബാക്കിയാണ് എന്റെ ശരീരത്തോടുകൂടി ഒട്ടിയിരിക്കുന്ന ഈ ജീവൻ എന്ന് അറിയണോ? വേണ്ടേ?."



ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജിലെ പതിനൊന്നാം ബാച്ചിന്റെ ബിരുദദാന ചടങ്ങിന്റെ ഉദ്ഘാടനം മന്ത്രി മാത്യു ടി. തോമസ് നിർവഹിക്കുന്നു. സ്വാമി ഗുരുരതനം ജ്ഞാനതപസ്വി, സ്വാമി വന്ദനരൂപൻ ജ്ഞാനതപസ്വി, പ്രിൻസിപ്പൽ ഡോ. എ. വാസുകിദേവി തുടങ്ങിയവർ സമീപം

# സിദ്ധവൈദ്യത്തിന്റെ പ്രചരണത്തിന് ശാന്തിഗിരിയുടെ പങ്ക് മഹത്തരം: മന്ത്രി മാത്യു ടി. തോമസ്

**ഹെൽത്ത്കെയർ സോൺ:** ഭാരതത്തിന്റെ തനതുവൈദ്യമായ സിദ്ധവൈദ്യത്തിന്റെ പ്രചരണത്തിന് ശാന്തിഗിരി വഹിക്കുന്ന പങ്ക് മഹത്തരമെന്ന് ജലവിഭവ വകുപ്പ് മന്ത്രി മാത്യു ടി. തോമസ്. ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജിലെ പതിനൊന്നാം ബാച്ച് വിദ്യാർത്ഥികളുടെ ബിരുദദാന ചടങ്ങ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

കേരളത്തിൽ പലരും സിദ്ധവൈദ്യത്തെ ഒറ്റമൂലി വൈദ്യമോ ലാട വൈദ്യമോ പോലെ എളിയ ചികിത്സാരീതി ആയിട്ടാണ് കാണുന്നത്. ഈ സ്ഥിതി മാറണം. പാർശ്വഫലങ്ങളില്ലാത്ത സിദ്ധ ചികിത്സാരീതിയെപ്പറ്റി കേരളത്തിലെ ജനങ്ങൾക്ക് കൂടുതൽ അവബോധം ഉളവാക്കണം. ഒരു ചികിത്സാരീതി എന്നതിലുപരി മനുഷ്യന്റെ ജീവിതശൈലിയെ ചിട്ടപ്പെടുത്തുന്നതിനുള്ള മാർഗങ്ങളും സിദ്ധയിൽ പ്രതിപാദിക്കുന്നുവെന്നത് ഈ വൈദ്യശാസ്ത്രത്തെ വേറിട്ടതാക്കുന്നുവെന്ന് മന്ത്രി അഭിപ്രായപ്പെട്ടു. ജനങ്ങൾക്ക് ആശ്വാസമേകാനും സമൂഹത്തിൽ സേവനം ചെയ്യാനും സന്നദ്ധരായ ഡോക്ടർമാരുടെ പുതുതലമുറയാണ് നാടിനാവശ്യമെന്ന് മന്ത്രി കൂട്ടിച്ചേർത്തു. ശാന്തിഗിരി ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി അധ്യക്ഷത വഹിച്ച ചടങ്ങിൽ സെൻട്രൽ കൗൺസിൽ ഓഫ് ഇന്ത്യൻ മെഡിസിൻ വൈസ് പ്രസിഡന്റ് ഡോ. വി.ബി.വിജയകുമാർ ബിരുദധാരികൾക്ക് പ്രതിജ്ഞ ചൊല്ലിക്കൊടുത്തു.

സേവനത്തിൽ നിന്നും ഈ വർഷം വിരമിച്ച ഡോ. ഫുൾട്ടൻ ജോസ് ന്യൂമാൻ, ഡോ.ജി. സൂര്യകുമാരി എന്നിവരെ ചടങ്ങിൽ ആദരിച്ചു. വിജിലൻസ് വീക്കിന്റെ ഭാഗമായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ കോളേജിൽ വച്ച് നടത്തിയ ഉപന്യാസ മത്സരത്തിന്റെ വിജയികൾക്കുള്ള സർട്ടിഫിക്കറ്റും ക്യാഷ് അവാർഡും എസ്.ബി.ഐ. പോത്തൻകോട് ബ്രാഞ്ച് മാനേജർ ശ്രീകാന്ത് വിതരണം ചെയ്തു. ബി.എസ്.എം.എസ് പരീക്ഷയിൽ യൂണിവേഴ്സിറ്റി റാങ്ക് ജേതാക്കൾക്കുള്ള ക്യാഷ് അവാർഡ് വിതരണം പി.ടി.ഐ. പ്രസിഡന്റ് വി.വിജയൻ നായർ നിർവഹിച്ചു. ചടങ്ങിൽ ശാന്തിഗിരി ഹെൽത്ത് കെയർ & റിസർച്ച് ഓർഗനൈസേഷൻ ഇൻചാർജ് സ്വാമി വന്ദനരൂപൻ ജ്ഞാനതപസ്വി, ഡീൻ ഡോ. വി. അരുണാചലം, ഡെപ്യൂട്ടി മെഡിക്കൽ സൂപ്രണ്ട് ഡോ. കെ.ഗോപകുമാർ, അക്കാഡമിക് വിഭാഗം വൈസ് പ്രിൻസിപ്പാൾ ഡോ.കെ.ജഗന്നാഥൻ, ക്ലിനിക്കൽ വിഭാഗം വൈസ് പ്രിൻസിപ്പൽ ഡോ.പി. ഹരിഹരൻ, അസോസിയേറ്റ് പ്രൊഫസർ ഷീജ. എൻ, സിദ്ധ മെഡിക്കൽ അസോസിയേഷൻ ജനറൽ സെക്രട്ടറി ഡോ. തുഷാര എം.വി എന്നിവർ പ്രസംഗിച്ചു. കോളേജ് പ്രിൻസിപ്പാൾ ഡോ.എ. വാസുകിദേവി സ്വാഗതവും വിദ്യാർത്ഥി പ്രതിനിധി സ്നേഹപ്രിയൻ. എസ് കൃതജ്ഞതയും പറഞ്ഞു.

ബിരുദദാനചടങ്ങിനോടനുബന്ധിച്ച് സിദ്ധവൈദ്യത്തെയും വിദ്യാർത്ഥികളുടെ കലാലയ ജീവിതത്തെയും കുറിച്ച് സ്വാമി ഗുരുരത്നം ജ്ഞാന തപസ്വി അവതാരകനായുള്ള ഹ്രസ്വചിത്രവും സദസിൽ പ്രദർശിപ്പിച്ചു. തുടർന്ന് വിദ്യാർത്ഥികൾ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു. വൈകുന്നേരം സ്നേഹവിരുന്നും നടന്നു.

# ശാന്തിഗിരി ഷോപ്പിംഗ് സെന്ററുകൾ ആരംഭിക്കുന്നു

**തിരുവനന്തപുരം:** ശാന്തിഗിരി ഉൽപ്പന്ന വികസനകേന്ദ്രത്തിന്റെ സഹകരണത്തോടെ സ്വകാര്യമേഖലയിൽ കേരളത്തിലുടനീളം ശാന്തിഗിരി ഷോപ്പിംഗ് സെന്ററുകൾ ആരംഭിക്കും. ആദ്യ ഷോപ്പിംഗ്സെന്റർ ഒക്ടോബർ 19 വിജയദശമി ദിവസം കോട്ടയം ജില്ലയിലെ ഈരാറ്റുപേട്ടയിൽ ഉദ്ഘാടനം ചെയ്തു. ശാന്തിഗിരി ആയുർവേദ സിദ്ധ മരുന്നുകൾ, ശാന്തിഗിരിയുടെ കറി പൗഡറുകൾ, മറ്റ് ഉല്പന്നങ്ങൾ, ജ്യൂസ് സ്റ്റാൾ, ടീ കഫേ, ലാബറട്ടറി, അങ്ങാടി സ്റ്റോർ എന്നീ സൗകര്യങ്ങളോടെയാണ് ശാന്തിഗിരി ഷോപ്പിംഗ് സെന്ററുകൾ ആരംഭിച്ചിരിക്കുന്നത്. ഷീ ക്ലിനിക് ഉൾപ്പെടെ വിപുലമായ സംവിധാനങ്ങളും ശാന്തിഗിരി ഷോപ്പിംഗ് സെന്ററിനോടനുബന്ധിച്ച് ഒരുക്കുന്നുണ്ട്. ആലപ്പുഴ ജില്ലയിലെ കറ്റാനത്താണ് രണ്ടാമത്തെ ഷോപ്പിംഗ് സെന്റർ പ്രവർത്തനം തുടങ്ങിയിരിക്കുന്നത്. ഈ മാസം ഏഴിന് പുനലൂർ കരവാളൂരിൽ മൂന്നാമത്തെ ശാന്തിഗിരി ഷോപ്പിംഗ് സെന്റർ വനം മന്ത്രി കെ. രാജു ഉദ്ഘാടനം ചെയ്യുമെന്ന് മാർക്കറ്റിംഗ് ഡിപ്പാർട്ട്മെന്റ് പ്രതിനിധികൾ അറിയിച്ചു.



കെ. രാജു

# സാംസ്കാരികദിനം നാളെ

**സ്പിരിചൽ സോൺ:** ആശ്രമത്തിൽ നാളെ സാംസ്കാരികദിനാചരണം പ്രാർത്ഥനാസങ്കല്പങ്ങളോടെ നടക്കും. രാവിലെ ആറു മണിക്ക് പ്രാർത്ഥനാലയത്തിനു മുന്നിൽ ധ്വജാരോഹണം ഉണ്ടായിരിക്കും. സാംസ്കാരിക ഡിവിഷനുകളുടെ തട്ടം സമർപ്പണവും നടക്കും.

1983 നവംബർ 5 ന് വിശ്വസാംസ്കാരിക നവോത്ഥാന കേന്ദ്രം ഗുരുവിന്റെ നിശ്ചയ പ്രകാരം അന്നത്തെ മുഖ്യമന്ത്രി തിരുവനന്തപുരം വി.ജെ.റ്റി. ഹാളിൽ വച്ച് ഉദ്ഘാടനം നിർവഹിച്ചു. ദൈവത്തിൽ നിന്ന് നേരിട്ട് ഒരു സാംസ്കാരിക വിഭാവന! അത്തരമൊരു സാംസ്കാരിക പ്രസ്ഥാനം ലോകത്ത് ഇദംപ്രഥമവും അത്യപൂർവ്വവുമാണ്.

ശാന്തിഗിരിയുടെ സാംസ്കാരിക പ്രവർത്തനരംഗം കേരളത്തിലും ഇന്ത്യയിലും മാത്രമല്ല വിശ്വത്തിലാകെ ബ്രഹ്മത്തിന്റെ ധർമ്മപ്രകാശം പരത്തുന്ന അത്യന്തം ശ്രേഷ്ഠവും വിശുദ്ധവുമായ പ്രസ്ഥാനമാണ്. ഇതിൽ പ്രവർത്തിക്കുക എന്നത് അതിരുകളില്ലാത്ത ഒരു പുണ്യപ്രവൃത്തിയാണ്. അനവധി യജ്ഞകർമ്മങ്ങൾ ചെയ്താലും കൈവരാത്ത പുണ്യവും അക്ഷയമായ ഭാഗ്യവും ഇതിൽ ഭാഗഭാക്കാവുന്ന ഓരോ വ്യക്തിക്കും ലഭിക്കും.

# ആയുർവേദ ദിനാചരണം നവംബർ 5 ന്

**സ്പിരിചൽ സോൺ:** ശാന്തിഗിരി ആശ്രമവും ആയുർവേദ മെഡിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യയും സംയുക്തമായി നാളെ ആശ്രമത്തിൽ ആയുർവേദ ദിനം സംഘടിപ്പിക്കും. സ്പിരിചൽ സോൺ ഓഡിറ്റോറിയത്തിൽ രാവിലെ പത്തു മണിക്ക് ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി പരിപാടി ഉദ്ഘാടനം ചെയ്യും. ഉച്ചയ്ക്ക് ഒരു മണി വരെ കേരള യൂണിവേഴ്സിറ്റി ഹെൽത്ത് സെന്റർ ഡയറക്ടർ ഡോ. കൃഷ്ണപ്രസാദ്, തിരുവനന്തപുരം യോഗാ പാർക്ക് ഡയറക്ടർ ശ്യാം ജി. ഗോപാൽ എന്നിവർ ജീവിതശൈലീ രോഗങ്ങളെക്കുറിച്ച് പ്രഭാഷണം നടത്തുന്നതാണ്.

# ഗുരുവാണി

എനിക്ക് ഒരു വിഷമമുണ്ട്. ഈ നിമിഷം വരെയുള്ള എന്റെ കഷ്ടപ്പാടും അനുഭവവുമാണ് ഞാൻ നിങ്ങളുമായി പങ്കുവച്ചിരിക്കുന്നത്. അതിന്റെ വിലയോളമുള്ള ആത്മാർത്ഥത നിങ്ങൾ കാണിക്കുന്നില്ല. ആ ആത്മാർത്ഥത നിങ്ങൾ പ്രവർത്തിച്ചുകാണിച്ചിട്ടില്ല. നിങ്ങൾ സ്വയം പ്രവർത്തിച്ച് ഒതുക്കുകയോ ഒതുങ്ങുകയോ മറ്റൊരാളെ ഇതിനോടു ചേർത്ത് പ്രവർത്തിപ്പിക്കുകയോ ചെയ്തിട്ടില്ല. പിന്നെന്താണ് നിങ്ങളുടെ പ്രവർത്തനശേഷി? നിങ്ങളിൽകൂടി ഈ ലോകത്തിന് എന്തെങ്കിലും നന്മ വരുത്തണം- ഇതാണ് എന്റെ ആഗ്രഹം. ഗൃഹസ്ഥാശ്രമികളെ ഈ നിലയിൽ ഇവിടെ നിർത്തി ഞാൻ വളർത്തിയ ഉദ്ദേശ്യമിതാണ്. ഗൃഹസ്ഥാശ്രമികളിൽ കൂടി ലോകകർമ്മം നിവർത്തിക്കണം. ഗുരുപൂജ ചെയ്യാൻ അനുവാദം കിട്ടിയപ്പോൾ ദൈവം അറിയിച്ചതാണ്. ദൈവം മാറ്റിവച്ചിരുന്ന അനേകകാലത്തെ ജീവിതകർമ്മമാണ് നിങ്ങളെക്കൊണ്ട് ചെയ്യിപ്പിക്കുന്നത്. നിങ്ങൾക്കതു മനസിലാകും എന്നും അറിയിപ്പ് തന്നിട്ടുണ്ട്. നിങ്ങൾ ഇത് ആ നിലയിൽ വിശ്വസിക്കുകയും സ്നേഹിക്കുകയും ആദരിക്കുകയും ചെയ്യുകയാണെങ്കിൽ ഇത് നല്ലതുപോലെ കൊണ്ടുപോകാൻ നിങ്ങൾക്കു കഴിയും. ഇത് എനിക്കുവേണ്ടി ചെയ്യുന്നതാണെന്ന് നിങ്ങൾ ധരിക്കരുത്. ഇത് ദൈവം തന്ന കർമ്മമാണ്. ഇതിനു പിഴവു വരുത്തരുത്. അങ്ങനെ പിഴവു വരുത്തിയാൽ ആ കർമ്മദോഷം ജീവനിൽനിന്നു വിട്ടുപോവുകയില്ല. നിങ്ങളുടെ മുമ്പിൽ വളരുന്ന ആൺകുട്ടികളെയും പെൺകുട്ടികളെയും നിങ്ങളുടെ രീതിയിൽ വളർത്തരുത്. ജാതി-മത-വർഗസ്നേഹത്തോടെ വളർന്നുവന്നിരിക്കുന്ന നിങ്ങൾ, കുട്ടികളെ അങ്ങനെ വളർത്തരുത്. അത് ഇതിന്റെ നിലയിൽ രീതികേടാണ്.

ഒരു വാക്ക് കിട്ടിയാൽ അതിന്റെ സമയം തെറ്റിച്ചാൽ മതി, രണ്ടാമത് അത് ചെയ്താൽ ശരിയാവുകയില്ല. സമയം തെറ്റി ചെയ്ത്, നഷ്ടപ്പെട്ടുപോയ എത്രയോ അനുഭവങ്ങൾ ഇവിടെ നിങ്ങളുടെ മുമ്പിലുണ്ട്. കർമ്മത്തിൽ ബുദ്ധിയും ചതിയും കള്ളവും പ്രയോഗിച്ച് ആരെയെങ്കിലും നന്നാക്കാം എന്നു ധരിക്കരുത്. നടക്കുകയില്ല. ആ ഇച്ഛയ്ക്കൊത്ത കർമബോധവും ധർമ്മബോധവും നിങ്ങൾക്കുണ്ടാകണം. ആ ധർമ്മബോധത്തെ പുണ്യമാക്കി, പുണ്യത്തെ ഭാഗ്യമാക്കി വളർത്തണം. ആ ഭാഗ്യമാണ് നിങ്ങൾക്കു വേണ്ടത്. ആരെയെങ്കിലും ഒപ്പിക്കാൻവേണ്ടി നിങ്ങൾ ഇവിടെ പെരുമാറരുത്. എങ്കിൽ നിങ്ങൾ ചെയ്യുന്ന എല്ലാ വേലയും പാഴായിപ്പോകും.

ഒരു ഗുരുവിന് അനേകലക്ഷം ശിഷ്യസമ്പത്തുണ്ടായാലും ആ ധർമ്മം നിലനില്ക്കുകയില്ല. കാരണം സകല നന്മകളെയും നശിപ്പിക്കാൻ പോന്ന കർമ്മദോഷം നിങ്ങളുടെ തലയ്ക്കു മുകളിൽ തൂങ്ങിക്കിടക്കുകയാണ്. ആ കർമ്മദോഷം മാറ്റിയെടുക്കാൻ പരിശ്രമിക്കുമ്പോൾ സ്വന്തം ബുദ്ധിയും വഞ്ചനയും പ്രയോഗിച്ചാൽ എന്തുചെയ്യും? നിങ്ങൾ ജനിച്ച ഗോത്രത്തിന്റെ സംസ്കാരം മാറ്റിക്കൊണ്ട് സത്യത്തിന്റെ യുഗത്തിലേക്ക് നമ്മൾ പ്രയാണം ചെയ്യുകയാണ്.

സത്യയുഗം, ത്രേതായുഗം, ദ്വാപരയുഗം. സത്യയുഗം കൊണ്ട് തികച്ചും നല്ലതായി പ്രവർത്തിച്ചിട്ട് ത്രേതായുഗം കൊണ്ട് പ്രവർത്തിക്കുന്ന കർമ്മം ദൃഢീകരിക്കണം. ഉത്പത്തി കർമ്മഗതി പോലെ എന്നാണല്ലോ. ആ കർമ്മം ദൃഢീകരിച്ച് അത് ദ്വാപരത്തിന്റെ അന്ത്യമാകുമ്പോൾ പൂർത്തീകരിക്കണം. ഇതാണ് സൃഷ്ടി സ്ഥിതി സംഹാരം.

## വചനദീപ്തി

"മനുഷ്യനു മുന്നിലേക്ക് ഇറങ്ങിവരാൻ ദൈവം ഉപയോഗിക്കുന്ന ഉജ്ജ്വല മുഖാവരണമാണ് ഗുരു."

**സ്വാമി വിവേകാനന്ദൻ**

## സ്പിരിച്വൽ ഡ്യൂട്ടി ലിസ്റ്റ്

5.11.2018 – കരുണപുരം
9.11. 2018 – ലക്ഷ്മിപുരം, കാഞ്ഞാംപാറ
10.11.2018 – ശാന്തിഗിരി ജംഗ്ഷൻ

## യാമപ്രാർത്ഥന

2018 നവംബർ 8, വ്യാഴം

## പൗർണ്ണമി

2018 നവംബർ 22, വ്യാഴം

## പ്രകാശപദം — ആശയത്തിന്റെ അടിസ്ഥാനപരമായ ശില

ഒരിക്കൽ എറണാകുളം ആശ്രമത്തിൽവച്ച് ഗുരു ആ ഹോസ്റ്റലിന്റെ അടിയിൽ ഉള്ള മുറിയിൽ താമസിക്കുന്ന സമയത്ത് എന്നോടു ഗുരുവിനെ കോട്ടയം ആശ്രമത്തിലേക്ക് കൊണ്ടുപോകാനായിട്ട് പലരും വന്നുപറയുകയും യാചിക്കുകയും ചെയ്തു. കരയുകയും ചെയ്തു. പക്ഷെ ഗുരു അന്ന് എല്ലാവരും പോകണ്ട എന്നുപറഞ്ഞു. പോയില്ല. പിന്നെ ഒരാഴ്ച കഴിഞ്ഞപ്പോൾ അവിടം വരെ ഒന്നുപോയി. പോയിട്ട് തിരിച്ച് ആശ്രമത്തിൽ കയറിയിട്ട് ഗുരു കാല് കഴുകുന്നതിനുമുമ്പ് എന്നെ വിളിച്ചുചോദിച്ചു- നീ അവിടെ പോയിട്ട് വല്ലതും ചെയ്തോ എന്ന്. ഞാൻ പറഞ്ഞു ഇല്ല എന്ന്. അപ്പോൾ ഗുരു പറഞ്ഞു അത് നന്നായിപ്പോയി എന്ന്. നമ്മൾ ഒന്ന് ചിന്തിച്ചുനോക്കൂ, അതിന്റെ ആഴം. ജീവനെ ജീവൻകൊണ്ടു ചെയ്യുന്ന ചില കാര്യങ്ങളുണ്ട്. അതാണ് *പരമാത്മാ-ജീവാത്മാ* എന്നുപറയുന്ന ഭാഗം. ഇതു നമ്മൾ സൂക്ഷിച്ചിട്ട് മറ്റ് അപകടവശങ്ങളൊന്നും സ്ത്രീകളെക്കൊണ്ട് ഉണ്ടാകരുത്. അല്ലെങ്കിൽ പുരുഷന്മാരെയും കൊണ്ട് ഉണ്ടാകരുത്. ആ പ്രദേശത്ത് ഗുരു പോയപ്പോൾ കണ്ട ആ രംഗങ്ങളും, അവർ മറ്റു വഞ്ചന ഒന്നും ചെയ്തവരല്ല. അവരുടെ വീട് കയറി ആക്രമിക്കാൻ വരുന്ന സമയത്ത് ഞാൻ ഗുരുവിനോട് പറയുകയാണ്, ഗുരുവേ നമുക്ക് ഇവിടെ നിന്നും രാത്രി പോകാമെന്ന്. അപ്പോൾ എന്റെ അടുത്ത് സൗമ്യാ ജനനി ഉണ്ട്. ആ സമയം അവിടെ നിന്ന ചേച്ചി തന്നെ പറയുകയാണ്, ഗുരുവിനെ ഇപ്പോൾ കൊണ്ടുപോകരുതേ, കൊണ്ടുപോകരുതേ എന്ന്. ആശ്രമത്തിലെ സെക്രട്ടറിയാണവർ. ആ രംഗം എന്റെ മനസിലിരിക്കുകയാണ്. ഞാൻ പറഞ്ഞു, അതല്ല ഗുരു ഇവിടെ നിന്ന് ഇപ്പോൾ ഇറങ്ങണം. ഞാൻ വിശ്വാസിയുടെ കാറ് പിടിച്ച് പരിയംപുറത്തുകൂടി കൊണ്ടുവന്നു. ഈ മഴ കോരിച്ചൊരിയുന്ന സമയത്ത്, ഗുരുവും ഞാനും ബ്രഹ്മചാരി ജയനാരായണന്റെ അച്ഛനും, സ്വാമിയും കൂടി അതിനകത്ത് കയറിയിട്ട് ഏതോ ഒരു കാട്ടിലൂടെയാണ് പോയത്. പോകുന്ന സമയം ഞാൻ ഗുരുവിനെ സ്വയം എന്റെ മടിയിൽ കിടത്തിയിരിക്കുകയാണ്. എന്റെ കണ്ണുനീർ മൊത്തവും ഗുരുവിന്റെ മുഖത്തും നെഞ്ചിലുമായി ഒഴുകിയ രംഗങ്ങൾ. ഒരു തുണിപോലും കൈയിൽ ഇല്ല. നമ്മൾ ഒന്നു ചിന്തിച്ചുനോക്കൂ. ദൈവത്തിന്റെ രംഗങ്ങളും ദൈവത്തിന്റെ കനിവിനെക്കുറിച്ചും നാം ഒന്നു സൂക്ഷിച്ചുനോക്കൂ. ജനങ്ങൾ അല്ലെങ്കിൽ സമൂഹം ഗുരു ആരാണെന്ന് അറിയാത്ത അബദ്ധത്തെക്കുറിച്ച് ചിന്തിക്കുക! നേരം വെളുക്കുന്നതിനു മുൻപ് പാലക്കാട് എത്തിയ സംഭവങ്ങളുമൊക്കെ നമ്മൾ എല്ലാവരും അനുഭവിച്ചറിഞ്ഞതാണ്. പത്രങ്ങളായ പത്രങ്ങൾ മൊത്തം ഗുരുവിനെ നീചവൃത്തിയിലേക്ക് എഴുതിത്തള്ളിയതും അതിനുവേണ്ടി ഒരു പന്ത്രണ്ട് ലക്ഷം രൂപയെങ്കിലും നമ്മുടെ കയ്യിൽനിന്ന് ചെലവായ രംഗങ്ങളെക്കുറിച്ച് നിങ്ങൾ ചിന്തിക്കുക. നമ്മുടെ കൈയിൽനിന്ന് ഒരു ആപത്തു വന്നിട്ടല്ല. സമകാലികരായി ചില ആളുകൾ ഇങ്ങനെ ചിലത് ചെയ്യാം. അത് ഇന്നല്ല കാലങ്ങളായിട്ട് സംഭവിച്ചിരിക്കുന്ന ദുരന്തമാണ്. ഇതൊക്കെ മനസ്സിലാക്കിയിട്ട് ഇതുപോലുള്ള കാര്യങ്ങൾ ഒഴിഞ്ഞുപോകണം എന്നുള്ള രീതിയിൽ വേലചെയ്യാനാണ് നാം ആശ്രമങ്ങളുടെ പരിസരത്ത് താമസിക്കുകയും ആശ്രമത്തിൽ വരികയും ഈ വിശ്വാസത്തിന്റെ രംഗങ്ങൾ എടുക്കുകയും ചെയ്യുന്നത്.

ആശയത്തിന്റെ അടിസ്ഥാനപരമായ ഒരു ശിലയാണ് തന്റെ ശരീരമെന്നും മനസ്സെന്നും വിചാരിച്ച് അങ്ങനെ പ്രവർത്തിക്കാനുള്ള ഒരു ഊർജ്ജം ആശ്രമത്തിൽ നിന്ന് പകർന്നുകൊണ്ടുപോകണം.

**ദൈവസ്നേഹം പങ്കുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ** - അഭിവന്ദ്യ ശിഷ്യപൂജിതയുടെ പ്രഭാഷണത്തിൽ നിന്ന്

# ഗുരുവിന്റെ സ്നേഹം

ത്യാഗനിർഭരമായ തന്റെ ജീവിതരഥ്യയിൽ ഗുരു ഏറ്റ വെയിലിന്റെ തണലാണ് നാം ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുന്നത്. ആ ത്യാഗത്തെ സ്വജീവിതം കൊണ്ട് ഏറ്റെടുക്കുവാനുള്ള ഒരു മന:സ്ഥിതിയാണ് നമുക്ക് ഓരോരുത്തർക്കും ഉണ്ടാകേണ്ടത്. ഗുരുവിന്റെ സ്നേഹം മനുഷ്യസഹജമല്ല. അതുകൊണ്ടു തന്നെ ആ സ്നേഹം മനസ്സിലാക്കാനും എളുപ്പമല്ല. ഗുരു ചെയ്തുവെച്ച കർമ്മത്തിന്റെ അർത്ഥവ്യാപ്തിയറിയാൻ കാലങ്ങൾ വേണ്ടിവന്നേക്കാം. ദീർഘലക്ഷമയില്ലാത്ത സാധാരണക്കാരനായ ശിഷ്യൻ ദൈവനീതിയെ മനുഷ്യനീതിയുമായി തുലനം ചെയ്യാൻ ശ്രമിച്ച് പരാജയമടയുന്നു. വിനയപൂർണ്ണമായ സമ്പൂർണ്ണ സമർപ്പണമല്ലാതെ ഗുരുവിനെ അറിയാൻ മാർഗ്ഗമില്ല തന്നെ.

നമുക്ക് ഗുരുവോട് സ്നേഹമുണ്ട്, വിശ്വാസമുണ്ട്. പക്ഷെ ആ സ്നേഹത്തിനും വിശ്വാസത്തിനും അനുസരിച്ചുള്ള പെരുമാറ്റരീതി വശമില്ല. വാസനാജന്യമായ പരിചയക്കുറവുകളിൽ പലപ്പോഴുംനമ്മുടെ ജീവിതം പെട്ടുപോകുന്നു. ആരാധനാശുദ്ധിയ്ക്കൊപ്പം ആത്മശുദ്ധിയുടെ മാർഗ്ഗങ്ങളും കാലകാലങ്ങളായി ഗുരു നമുക്ക് പകർന്നുതന്നിരുന്നു. ആരാധനയുടെ വിശുദ്ധിയെ നാം സ്വന്തം ജീവിതംകൊണ്ട് ഏറ്റെടുത്തതുപോലെ ആത്മശുദ്ധിയുടെ മാർഗ്ഗങ്ങളെ നാം സൂക്ഷ്മതയോടെ പിൻതുടർന്നിട്ടുണ്ടോയെന്ന് പുനർചിന്തനം ചെയ്യേണ്ട സമയമാണിത്. മക്കൾക്കുവേണ്ടി ധനം സമ്പാദിക്കുന്നതിനേക്കാൾ അവരെ കർമ്മശേഷിയുള്ളവരായി വളർത്തുന്നതാണ് നല്ലത് എന്നുപറയുമ്പോൾ, കുട്ടികളെ കർമ്മശേഷിയുള്ളവരായി വളർത്തുന്നത് എങ്ങനെഎന്ന ചിന്ത ഗൃഹസ്ഥാശ്രമികളിൽ ഉണ്ടാകേണ്ടിയിരിക്കുന്നു. ഉള്ളവന്റെ കർമ്മശേഷി ഉപയോഗപ്പെടുത്തുകയും ഇല്ലാത്തവന് അതുണ്ടാക്കിക്കൊടുക്കുകയും ചെയ്യുന്ന ഇടമാണ് ആശ്രമം എന്ന ഗുരുവാക്ക് ഓർക്കുക. ശാരീരികമായ കർമ്മശേഷിയോടൊപ്പം തന്നെ, മാനസികവും ബൗദ്ധികവും സർഗ്ഗാത്മകവും വൈകാരികവും ആത്മീയവുമായ കർമ്മശേഷിത്വത്തെ നമ്മുടെ കുട്ടികളിലേയ്ക്ക് എങ്ങനെ സന്നിവേശിപ്പിക്കണമെന്നത് ഓരോ ഗൃഹസ്ഥന്റെയും ദൈനംദിന ചിന്തയിൽ ഉണ്ടായിരിക്കണം. കുട്ടികളിലേയ്ക്ക് പകരേണ്ടുന്ന സ്വഭാവത്തിന്റെ മഹിമ സ്വന്തം ജീവിതത്തിൽ പകർത്തിക്കാട്ടുവാൻ മുതിർന്നവർക്ക് സാധിക്കണം. ഗൃഹസ്ഥാശ്രമികൾ ചിട്ടയോടെ ജീവിച്ച് സ്വന്തം കുട്ടികളെ നന്നായി വളർത്താനുള്ള ഒരു പരിചയവും പ്രയത്നവും ഉണ്ടാക്കിയെടുക്കണം. മറ്റൊന്നുമില്ലെങ്കിലും അച്ഛനും അമ്മയുംമക്കളും ഒരുമയോടെ ജീവിക്കാനുള്ള ഒരു ധാരണ വളർത്തിയെടുത്ത് കുട്ടികൾക്ക് പ്രദാനം ചെയ്യണം.

പ്രവൃത്തിയിൽ തെറ്റുവന്നാൽ പ്രവൃത്തിയിൽ തിരുത്താം. വാക്ക് (ഗുരുവാക്ക്) തെറ്റിച്ചാൽ തിരുത്താൻ കഴിയില്ല. വാക്ക് നിസാരമായി കരുതുകയും ചിന്തിക്കാതെ കൈകാര്യം ചെയ്യുകയും ചെയ്യരുതെന്ന് ഗുരു പറഞ്ഞത് നാം എപ്പോഴും ഓർമ്മിക്കേണ്ടിയിരിക്കുന്നു. നമ്മുടെ ഈ മാർഗ്ഗം വേദന നിറഞ്ഞതാണ്. ഗുരുവിന്റെ ജീവിതം അതിന്റെ തികഞ്ഞ സാക്ഷിപത്രവുമാണ്. വേദന വരുമ്പോൾ സ്നേഹത്തിന്റെയും വിശ്വാസത്തിന്റെയും ഉറപ്പ് തോട്ടിൽ കൊണ്ടുപോയി കളയരുത്. മുള്ളാണെങ്കിലും മുറുകെ പിടിക്കണം. സ്വന്തംജീവനെ പണയം വെച്ചും നമ്മുടെ തെറ്റിനെ വഹിക്കുകയും തീർക്കുകയും ചെയ്യുന്ന സ്നേഹമാണ് ഗുരുസ്നേഹം. അങ്ങനെയുള്ള സ്നേഹം നിറച്ചിരിക്കുന്ന ഈ ഇടത്തിൽ നിന്ന് ഒരു തെറ്റും നമ്മിൽനിന്ന് ഉണ്ടാകരുത്.

"ഞാൻ എന്റെ ജീവിതകാലം മൊത്തം നിങ്ങൾക്ക് ഇങ്ങനെ കർമ്മം കിട്ടാൻ കഷ്ടപ്പെട്ടു. പക്ഷെ വിരലിലെണ്ണാവുന്നവർപോലും അതറിഞ്ഞെടുത്തില്ല. ജീവിതംകൊണ്ട് പകർത്തിയെടുക്കാനുള്ള ധർമ്മബോധം ഉണ്ടെങ്കിലെ നിങ്ങൾക്ക് ഇതനുസരിച്ച് കൈകാര്യം ചെയ്യാൻ കഴിയൂ". ഗുരുവിന്റെ ഈ വേദന നമ്മുടെ മനസ്സുകളെ എപ്പോഴും അസ്വസ്ഥമാക്കട്ടെ. ഇതിനുവേണ്ടി നാം എന്താണ് ചെയ്യേണ്ടത്? ആദ്യം ഗുരുവിനെ അറിയുക, പിന്നെ പ്രസ്ഥാനത്തെ അറിയുക. വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും, നാം നേടിയ പുണ്യത്തെ നശിപ്പിക്കാതിരിക്കുക. അതിനുശേഷം പുണ്യം വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ തേടുക.

## ഗൃഹസ്ഥാശ്രമസംഘം പൊതുയോഗം

**റിസർച്ച് സോൺ:** ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘത്തിന്റെ പ്രതിമാസ പൊതുയോഗം ഇന്ന് രാവിലെ 7.30 ന് റിസർച്ച് സോൺ കമ്യൂണിറ്റി ഹാളിൽ വച്ച് നടക്കും. ആദരണീയ സ്വാമി ഗുരുസവിധ് ജ്ഞാനതപസ്വി, ജനനി പ്രാർത്ഥനാ ജ്ഞാനതപസ്വി എന്നിവർ മുഖ്യപ്രഭാഷണം നടത്തും. എല്ലാ യൂണിറ്റുകളിൽ നിന്നുമുള്ള അംഗങ്ങൾ പങ്കെടുക്കേണ്ടതാണ്.

## സമൂഹ വിവാഹം ഇന്ന്

**റിസർച്ച് സോൺ:** ജ്യോതിർഗമയ ഫൗണ്ടേഷൻ നടത്തുന്ന സമൂഹ വിവാഹവും പുരസ്ക്കാരവിതരണവും ഇന്ന് രാവിലെ 11 മണിക്ക് ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് ഓഡിറ്റോറിയത്തിൽ വച്ച് നടക്കും. മന്ത്രിമാരായ ജെ. മേഴ്സിക്കുട്ടിയമ്മ, കെ. രാജു, സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി മറ്റു വിശിഷ്ട വ്യക്തിത്വങ്ങൾ തുടങ്ങിയവർ പങ്കെടുക്കും.




*ശാന്തിഗിരി വിദ്യാഭവൻ ആർട്സ് ഫെസ്റ്റിൽ നിന്ന്*

## ശാന്തിഗിരി വിദ്യാഭവനിൽ ആർട്സ് ഫെസ്റ്റ്

**എജ്യൂക്കേഷൻ സോൺ:** ശാന്തിഗിരി വിദ്യാഭവൻ ഹയർ സെക്കന്ററി സ്കൂളിൽ ഈ വർഷത്തെ ആർട്സ് ഡെ ഒക്ടോബർ 26 ന് നടന്നു. എജ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ് ഹെഡ് സർവാദരണീയ സ്വാമി നിർമ്മോഹാത്മ ജ്ഞാനതപസ്വി പരിപാടി ഉദ്ഘാടനം ചെയ്തു. രാവിലെ 9.30 ന് സ്കൂൾ ഓഡിറ്റോറിയത്തിൽ ചേർന്ന യോഗത്തിൽ പ്രിൻസിപ്പൽ എസ്. വി. ശ്രീജിത്ത്, ഹെഡ്മിസ്ട്രസ് എസ്. പത്മജ കുമാരി, രക്ഷകർത്തൃ പ്രതിനിധി ദീപ്തി സി., അദ്ധ്യാപക പ്രതിനിധി സന്തോഷ് പി., സ്കൂൾ ലീഡർ മാസ്റ്റർ അശ്വനാരായണൻ തുടങ്ങിയവർ സംസാരിച്ചു.

നാല് ഹൗസുകളായി തിരിച്ച് നടത്തിയ ആർട്സ് ഫെസ്റ്റിൽ 95 പോയിന്റ് നേടിയ റെഡ് ഹൗസ് ഓവർ ഓൾ ചാമ്പ്യൻമാരായി. മത്സരങ്ങളിൽ ആദ്യ മൂന്ന് സ്ഥാനം കരസ്ഥമാക്കിയവർക്ക് അടുത്തു നടക്കുന്ന സബ് ജില്ലാ കലോത്സവത്തിൽ പങ്കെടുക്കാവുന്നതാണ്.

പ്രളയദുരന്തത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാന ഹയർ സെക്കന്ററി ഡയറക്ട്രേറ്റിൽ നിന്നും ലഭിച്ച നിർദ്ദേശാനുസരണം ആഘോഷപരിപാടികൾ ഒഴിവാക്കി ലഘുവായ രീതിയിലാണ് എല്ലാ സ്കൂളുകളിലും ആർട്സ് ഫെസ്റ്റ് നടക്കുന്നത്.



*വിദ്യാഭവനിൽ നടന്ന ഡിക്ലമേഷൻ മത്സരത്തിൽ നിന്ന്*

## ഡിക്ലമേഷൻ മത്സരം നടന്നു

**എജ്യൂക്കേഷൻ സോൺ:** ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിൽ ഡിക്ലമേഷൻ മത്സരം നടന്നു. പ്രശസ്ത വ്യക്തികളുടെ പ്രസിദ്ധമായ പ്രസംഗങ്ങൾ കുട്ടികൾ പുനരാവിഷ്കരിച്ചു. സ്വാമി വിവേകാനന്ദൻ, മഹാത്മാഗാന്ധി, ജവഹർലാൽ നെഹ്റു, ഇന്ദിരാഗാന്ധി, എ.പി.ജെ അബ്ദുൽ കലാം, മലാല യൂസഫ് സായി എന്നിവരുടെ പ്രസംഗങ്ങളാണ് പുനരാവിഷ്കരിച്ചത്. അദ്ധ്യാപകരായ ജയ വി., ഗീതാരാജ് തുടങ്ങിയവർ നേതൃത്വം നല്കി.



*അമ്മമാരറിയാൻ ബോധവത്കരണ ക്ലാസിൽ നിന്ന്*

## ദിവംഗതരായി



**കെ. രത്നാകര പണിക്കർ**

**ജനസേവികപുരം:** ജനസേവികപുരം യൂണിറ്റിലെ ഗുരുപുഷ്പം ഭവനത്തിൽ കെ.രത്നാകര പണിക്കർ (88) ഒക്ടോബർ 31 ന് ദിവംഗതനായി. സംസ്കാരം നടന്നു. ഗുരുവിന്റെ ശിവഗിരിയിലെ സേവനകാലത്ത് ഒരുവർഷത്തോളം ഗുരുവിനെ സഹായിക്കാനുള്ള ഭാഗ്യമുണ്ടായിട്ടുണ്ട്. ദേവസ്വം ബോർഡിന്റെ വിവിധ സ്കൂളുകളിൽ അദ്ധ്യാപകനായിരുന്നിട്ടുണ്ട്. ഭാര്യ: കെ.ജി. കമലമ്മ വള്ളിക്കോട് ഗവ. എൽ.പി. സ്കൂളിലെ പ്രധാന അദ്ധ്യാപികയായിരുന്നു. മക്കൾ: ഉമ കെ.ആർ. (സീനിയർ മാനേജർ, ജെ.എസ്. ഓഫീസ്), ശബരീഷ് കെ. ആർ. മരുമക്കൾ: ശബരീനാഥ് ആർ., ഇന്ദു പി.



**ലക്ഷ്മിക്കുട്ടിയമ്മ കെ. പി.**

**ലക്ഷ്മിപുരം:** ലക്ഷ്മിപുരം യൂണിറ്റിലെ 'പത്മ'ത്തിൽ ദിവംഗതനായ കെ.ജി. നാഗപ്പൻ നായരുടെ ഭാര്യ ലക്ഷ്മിക്കുട്ടിയമ്മ കെ. പി.(92) ഒക്ടോബർ 31 ന് ദിവംഗതയായി. സംസ്കാരം കുടുംബവീടായ കൊട്ടാരക്കര ചെമ്പകശേരി വലിയവിളയിലെ വീട്ടുവളപ്പിൽ നടന്നു. മക്കൾ: ദിവംഗതനായ ഗോപാലകൃഷ്ണൻ നായർ സി.എൻ., കൃഷ്ണമ്മ സി.എൻ., ഉണ്ണികൃഷ്ണൻ നായർ സി.എൻ., രാധാകൃഷ്ണൻ നായർ സി.എൻ., കൃഷ്ണകുമാർ സി.എൻ. (സീനിയർ മാനേജർ (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി വെജിറ്റബിൾ സ്റ്റാൾ ആന്റ് ഫുഡ് സർവീസസ്). മരുമക്കൾ: ഗീതാകുമാരി, മിനികുമാരി എസ്.(ശാന്തിഗിരി കമ്യൂണിറ്റി കിച്ചൺ), രാജി ആർ. (ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ്), ദിവംഗതനായ ശശിധരൻ പിള്ള.



**സന്തോഷ്കുമാർ ആർ.**

**പാറശാല :** ശാസ്തമംഗലം ശാന്തിഗിരി ആയുർവേദ & സിദ്ധ ഹോസ്പിറ്റലിൽ സീനിയർ തെറാപ്പിസ്റ്റായി സേവനം ചെയ്തിരുന്ന സന്തോഷ്കുമാർ ആർ.(38) ഒക്ടോബർ 29 ന് ദിവംഗതനായി. പാറശാല മുറിയാത്തോട്ടം സ്വദേശിയാണ്.

## സൂപ്പർ ചൈൽഡ് ക്ലാസ്

**എജ്യൂക്കേഷൻ സോൺ:** ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിൽ ഈ വർഷത്തെ അർദ്ധവാർഷിക പരീക്ഷയോടനുബന്ധിച്ച് നടന്ന പി.റ്റി.എ. മീറ്റിംഗിൽ അമ്മമാർ അറിയാൻ എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ് സംഘടിപ്പിച്ചു.

മോട്ടിവേഷൻ സ്പീക്കറും കിസ് മാസ്റ്ററുമായ അഡ്വ. ഫിജോ ജോസഫ് ക്ലാസ് എടുത്തു. കുട്ടികളുടെ വളർച്ചയിൽ അമ്മമാർക്കുള്ള പങ്കിനെ കുറിച്ചും ഇന്നത്തെ കാലഘട്ടത്തിൽ സുരക്ഷിതരായി സമൂഹത്തിൽ ഇടപെടാൻ അവരെ എങ്ങനെ പ്രാപ്തരാക്കാം എന്നതിനെ കുറിച്ചും അച്ഛനമ്മമാർ കുടുംബങ്ങളിൽ എങ്ങനെയായിരിക്കണമെന്നതിനെ കുറിച്ചും കുട്ടികളിൽ വളർത്തിയെടുക്കേണ്ട സുരക്ഷാബോധം, അച്ചടക്കം, ശരിയായ വസ്ത്രധാരണശീലം, വിനയം, പരസ്പരസ്നേഹം എന്നിവയെക്കുറിച്ച് വിശദമായി സംസാരിച്ചു.

അതോടൊപ്പം കുട്ടികളിലെ വ്യക്തിത്വവികസനത്തിന്റെ ഭാഗമായി സ്കൂളിൽ നടന്നുവരുന്ന സൂപ്പർ ചൈൽഡ് എന്ന പ്രോഗ്രാമിന്റെ ആവിഷ്കാരവും രക്ഷകർത്താക്കൾക്കുവേണ്ടി സംഘടിപ്പിച്ചു. യോഗ, ധ്യാനം, വിവിധ വ്യായാമങ്ങൾ എന്നിവ ഉൾപ്പെടുന്നതാണ് സൂപ്പർ ചൈൽഡ് പ്രവർത്തനരീതി.



*ശാന്തിഗിരി ദന്തസുഖം ഡെന്റൽ ക്ലിനിക്ക്*

## ശാന്തിഗിരി ദന്തസുഖം ഡെന്റൽ ക്ലിനിക്

**പോത്തൻകോട് :** ശാന്തിഗിരി ദന്തസുഖം ക്ലിനിക് ശാന്തിഗിരി ഹെൽത്ത്കെയർ ആന്റ് റിസർച്ച് ഓർഗനൈസേഷന്റെ കീഴിൽ പോത്തൻകോട് പതിനാറ് വർഷമായി പ്രവർത്തിച്ചുവരുന്നു. പ്രവർത്തനസമയം രാവിലെ 9 മുതൽ വൈകിട്ട് 6 വരെ. ദന്തസംബന്ധമായ എല്ലാ ചികിത്സകളും ലഭ്യമാണ്. വിദഗ്ദ്ധരായ രണ്ട് ഡോക്ടർമാരുടെ സ്ഥിരം സേവനവും ഫിക്സഡ് ഓർത്തോ സ്പെഷലിസ്റ്റ്, ചൈൽഡ് സ്പെഷ്യലിസ്റ്റ്, മോണരോഗ വിദഗ്ദ്ധ, റൂട്ട് കനാൽ സ്പെഷലിസ്റ്റ് എന്നിവരുടെ സേവനവും ലഭ്യമാണ്. ഫോൺ നമ്പർ: 8113013007.



*സിദ്ധമെഡിക്കൽ കോളേജ് പതിനൊന്നാം ബാച്ച്*

# ശാന്തിഗിരി ഷോപ്പിംഗ് മാൾ നവീകരിക്കുന്നു

**റിസർച്ച് സോൺ:** ആശ്രമാങ്കണത്തിൽ സ്ഥിതി ചെയ്യുന്ന ശാന്തിഗിരി ഷോപ്പിംഗ് മാൾ ആകർഷണീയമായ രീതിയിൽ നവീകരിക്കുന്നു. മുൻവശത്ത് ഗ്ലാസ് ഫിറ്റ് ചെയ്ത് റോഡിൽ നിന്നുതന്നെ ഷോപ്പിംഗ് മാളിന്റെ ഉൾവശം കാണത്തക്കവിധത്തിലാണ് നവീകരണ പ്രവർത്തനങ്ങൾ നടക്കുന്നത്. മാളിനു മുൻപിൽ കൂടുതൽ സൗകര്യമൊരുക്കിയിട്ടുണ്ട്.

നിരവധി പുതിയ ഉല്പന്നങ്ങളും ഷോപ്പിംഗ് മാളിൽ വിപണനത്തിനായി എത്തിച്ചിട്ടുണ്ട്. ഗൃഹോപകരണങ്ങൾ, തുണിത്തരങ്ങൾ, സുഗന്ധദ്രവ്യങ്ങൾ, പഴങ്ങൾ, പച്ചക്കറികൾ, ശാന്തിഗിരി മധുരം ബേക്കറിയുടെ വിവിധ ഉല്പന്നങ്ങൾ തുടങ്ങി നൂറുകണക്കിന് ഉത്പന്നങ്ങൾ ഷോപ്പിംഗ് മാളിൽ ലഭ്യമാണ്. ആകർഷകമായ ഡിസ്കൗണ്ടും ശാന്തിഗിരി ഷോപ്പിംഗ് മാളിന്റെ പ്രത്യേകതയാണ്. പ്രിവിലേജ് കാർഡുള്ള സ്റ്റാഫംഗങ്ങൾക്ക് ശാന്തിഗിരി ഉല്പന്നങ്ങൾക്ക് പത്ത് ശതമാനവും ശാന്തിഗിരി ആയുർവേദ-സിദ്ധ മരുന്നുകൾക്ക് 20 ശതമാനവും വിലക്കുറവിൽ ലഭിക്കും.




*നവീകരിച്ച ശാന്തിഗിരി ഷോപ്പിംഗ് മാളിന്റെ മുൻഭാഗം*

# അഡ്മിഷൻ ആരംഭിച്ചു

**എജ്യൂക്കേഷൻ സോൺ:** ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിൽ 2019–20 അദ്ധ്യയന വർഷത്തേക്കുള്ള അഡ്മിഷൻ ആരംഭിച്ചു. കെ.ജി. മുതൽ എട്ടാം ക്ലാസുവരെയാണ് അഡ്മിഷൻ ആരംഭിച്ചിരിക്കുന്നത്. വിവരങ്ങൾക്കായി ബന്ധപ്പെടേണ്ട നമ്പർ 0471 2410326, 8304084271, 9947047099.

# തമിഴ് പ്രാർത്ഥനാഞ്ജലി

**സ്പിരിച്വൽ സോൺ:** ശാന്തിഗിരി പബ്ലിക്കേഷൻസിൽ നിന്നുള്ള തമിഴ് പ്രാർത്ഥനാഞ്ജലി പബ്ളിക്കേഷൻ കൗണ്ടറിൽ നിന്ന് ലഭിക്കുന്നതാണ്. വില 35 രൂപ.

# കേരള പിറവി ആഘോഷം

**എജ്യൂക്കേഷൻ സോൺ:** കേരള പിറവി ദിനത്തിൽ ശാന്തിഗിരി വിദ്യാഭവൻ ഹയർ സെക്കന്ററി സ്കൂൾ വിദ്യാർത്ഥികൾ പൂലന്തറ താലോലം സ്പെഷ്യൽ സ്കൂളിലെ വിദ്യാർത്ഥികൾക്ക് അന്നദാനം നടത്തി. അദ്ധ്യാപകരും വിദ്യാർത്ഥികളും ചടങ്ങിൽ പങ്കെടുത്തു. ഇതോടൊപ്പം സമത്വസുന്ദര കേരളത്തിനായി -ഒരുമയായ് ഒരേ മനസ്സായി എന്ന സന്ദേശവുമായി വിദ്യാർത്ഥികൾ അധ്യാപകരുടെ നേതൃത്വത്തിൽ കാൽനടയാത്രയും സംഘടിപ്പിക്കുകയുണ്ടായി. പ്രിൻസിപ്പൽ എസ്.വി.ശ്രീജിത്ത് കാൽനടയാത്ര ഫ്ളാഗ് ഓഫ് ചെയ്തു. എൻ. എസ്. എസ്.യൂണിറ്റ് പ്രോഗ്രാം ഓഫീസർ സജീർ എ. സംസാരിച്ചു.

ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിന്റെ ആഭിമുഖ്യത്തിലും കേരള പിറവി ദിനം ആഘോഷിച്ചു. പ്രത്യേക അസംബ്ളി, വിദ്യാർത്ഥികളുടെ വിവിധ കലാപരിപാടികൾ, കേരളീയ വസ്ത്രമണിഞ്ഞ് വിദ്യാർത്ഥികളുടെ റാലി എന്നിവ സംഘടിപ്പിച്ചു.



*പിങ്ക് റാലി ഡി.ജി.പി. ലോക്നാഥ് ബെഹ്റ ഫ്ളാഗ് ഓഫ് ചെയ്യുന്നു*

# കാൻസറിനെതിരെ പിങ്ക് റാലി

**തിരുവനന്തപുരം:** സ്തനാർബുദ ബോധവത്കപണത്തിന്റെ ഭാഗമായി സ്വസ്തി ഫൗണ്ടേഷനും ശാന്തിഗിരി ആശ്രമവുമായി ചേർന്ന് പിങ്ക് റാലി സംഘടിപ്പിച്ചു. കവടിയാർ മുതൽ കനകക്കുന്നു വരെ നടത്തിയ പരിപാടി മന്ത്രി കടകംപള്ളി സുരേന്ദ്രൻ ഉദ്ഘാടനം ചെയ്തു.

ഡി.ജി.പി. ലോകനാഥ് ബെഹ്റ റാലി ഫ്ളാഗ് ഓഫ് ചെയ്തു. ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘത്തിൽ നിന്നുള്ള പ്രവർത്തകരും റാലിയിൽ പങ്കാളികളായി.

# സമ്പൂർണ്ണ ആദ്ധ്യാത്മിക മാസികാ യജ്ഞം

**ചേർത്തല:** ശാന്തിഗിരി വിശ്വ സാംസ്കാരിക നവോത്ഥാന കേന്ദ്രത്തിന്റെ ഏരിയ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ചേർത്തലയിൽ സമ്പൂർണ്ണ ആദ്ധ്യാത്മിക മാസികാ യജ്ഞം നവംബർ 2 ന് ആരംഭിച്ചു. ചേർത്തല ഏരിയയിലെ മുഴുവൻ ആത്മബന്ധുക്കളുടെ കുടുംബങ്ങളെയും ആദ്ധ്യാത്മിക മാസികയുടെ വരിക്കാരാക്കുന്നതിനുള്ള പദ്ധതിയാണിത്. പദ്ധതിയുടെ ഭാഗമായി പള്ളിപ്പുറം യൂണിറ്റിലെ മുഴുവൻ കുടുംബങ്ങളെയും വരിക്കാരാക്കി കഴിഞ്ഞു.

സമ്പൂർണ്ണ ആദ്ധ്യാത്മിക മാസികാ യജ്ഞം എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതാണ്.




Printed and published by Swami Chaithanya Jnana Thapaswi, Chief Editor, on behalf of Santhigiri Ashram, Thiruvananthapuram-695589. For private circulation only.
Editorial Head: Janani Divya Jnana Thapaswini, Editor: T. Sasimohan, Deputy Editor: Anil Cherthala